**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: SC2-17553/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 24.1.2019

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ.ബാലൻ.എൻ.കെ
കലാനിലയം
വല്ലന, എരുവക്കാട് പി.ഒ
ഇടയാറൻമൂല-689532.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- വിവരാവകാശം 2005- മറുപടി നൽകുന്നത് സംബന്ധിച്ച് -

സൂചന: 4.1.19ലെ താങ്കളുടെ വിവരാവകാശ ചോദ്യം

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു. പത്തനംതിട്ട ജില്ലയിലെ കിടങ്ങന്നൂരിൽ പ്രവർത്തിക്കുന്ന കരുണാലയം എന്ന സ്ഥാപനം അടച്ചു പൂട്ടുന്നത് സംബന്ധിച്ച് പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖാന്തിരം അടിയന്തിരമായി ജില്ലാ കളക്ടർ ചെയർമാനായുള്ള മോണിട്ടറിംഗ് കമ്മിറ്റി വിളിച്ചു കൂട്ടി പ്രസ്തുത വിഷയം ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമെങ്കിൽ സ്ഥാപന മേധാവിക്കെതിരെ മനുഷ്യക്കടത്തിന് കേസ് ഫയൽ ചെയ്യുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കുവാൻ പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതിനോടൊപ്പം ചേർക്കുന്നു. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർ ഓർഫനേജ് കൺട്രോൾ ബോർഡിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

JUBAIR...

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

*db@*